**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5567** **15-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ വിദ്യാലയങ്ങളിൽ കായിക വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ലയിലെ സ്കൂളുകളിൽ കായിക വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സ്കൂളുകളുടെ വിശദാംശം സഹിതം ലഭ്യമാക്കുമോ? | (എ) | **കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആലപ്പുഴയിൽ ആര്യാട് കണിച്ചികുളങ്ങര ജി.എച്ച്.എസ്.എസ് മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി 5,00,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.**<br><br>**മികച്ച ഫുട്ബോൾ കളിക്കാരെ സൃഷ്ടിക്കുന്നതിനുള്ള ഗോൾ പദ്ധതി ആലപ്പുഴ ജില്ലയിലെ എല്ലാ നിയോജക മണ്ഡലത്തിലെയും ഓരോ സ്കൂളിൽ വീതം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.**<br><br>**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ ആലപ്പുഴ ജില്ലയിലെ വി.വി.എച്ച്.എസ്.എസ്.കോടംതുരുത്ത് ഫുട്ബോൾ ഗ്രൗണ്ട്, മുളക്കുഴ ഗവ.ഹയർ സെക്കന്ററി സ്കൂൾ, പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്.ഗ്രൗണ്ട്, കഞ്ഞിക്കുഴി പഞ്ചായത്ത് ചാരമംഗലം ഡി.വി.ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട്, അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് ഗവ.മോഡൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട്, ആലപ്പുഴ മുനിസിപ്പാലിറ്റി സെന്റ്. തോമസ് സ്കൂൾ, ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്ത് മംഗലം ജി.എച്ച്.എസ്.എസ് ഗ്രൗണ്ട്, എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.**<br><br>**ഹെൽത്തി കിഡ്സ് പദ്ധതിയ്ക്കായി ആലപ്പുഴ ജില്ലയിലെ ജി.യു.പി.എസ്, പെണ്ണുക്കര, ഗവ. ന്യൂ എൽ.പി.എസ്, കലിമേൽ, എസ്.സി.എസ് എച്ച്.എസ്, വളമംഗലം എന്നീ സ്ഥാപനങ്ങൾ പരിഗണിച്ചിട്ടുണ്ട്.**<br><br>**അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ താരങ്ങളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തിൽ നടപ്പിലാക്കുന്ന** |

| | | | |
|---|---|---|---|
| | | | **ജൂഡോക്ക പദ്ധതിയിൽ 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്കായുള്ള പരിശീലനത്തിൽ സംസ്ഥാനത്തെ 10 കേന്ദ്രങ്ങളിൽ ഒന്നായി ആലപ്പുഴ ജില്ലയിലെ ജി.എച്ച്.എസ്. എസ്. കലവൂരിന തെരഞ്ഞെടുത്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ